(ജി) സർക്കാരിന് :-

(i) ജില്ലകൾ തമ്മിൽ സ്ഥലസംബന്ധമായ ആസൂത്രണവും വികസനവും, വിഭവവിനിയോഗം, അടിസ്ഥാനസൗകര്യ വികസനം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ എന്തെങ്കിലു മുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും ;

(ii) സംസ്ഥാനത്തിന്റെ വികസനരംഗത്ത് കാര്യമായ സ്വാധീനം ഉണ്ടാക്കുവാനിടയുള്ള പ്രധാന നിക്ഷേപസ്രോതസ്സുകളുടെ സാദ്ധ്യമായ സ്ഥാനം കണ്ടെത്തുന്നതിനും ഉപദേശം നൽകേണ്ടതും ;

(എച്ച്) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കേണ്ടതും ആണ്."

(സി) ബോർഡ് രൂപീകൃതമാകുന്ന മുറയ്ക്ക് മാത്രമേ നേട്ടങ്ങൾ സംബന്ധിക്കുന്ന വിഷയം ഉദിക്കുന്നുള്ളൂ.

കണ്ണൂർ വികസന അതോറിറ്റിയിൽ നിന്നും വായ്പ എടുത്ത ഗുണഭോക്താക്കളുടെ പ്രശ്നങ്ങൾ

323 (1749) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ വികസന അതോറിറ്റിയിൽ നിന്നും ഭവന വായ്പ എടുത്ത ഗുണഭോക്താക്കളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കണ്ണൂർ വികസന അതോറിറ്റിയിൽ നിന്നും ഭവന വായ്പ എടുത്ത ഗുണഭോക്താക്കൾക്ക് പലിശ ഇളവ് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അതിന് എന്തെല്ലാം വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) വികസന അതോറിറ്റിയിൽ ഒടുക്കേണ്ട വായ്പ തുക ഇപ്പോൾ ഏത് സ്ഥാപനത്തിലാണ് ഒടുക്കേണ്ടത് എന്ന് വ്യക്തമാക്കുമോ ;

(ഡി) മുഴുവനായി വായ്പ തുക ഒടുക്കാൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് ഗഡുക്കളായി ഒടുക്കാൻ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly